GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/10/2026

1. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ടെയിനിങ്(എൻ.ഐ.ആർ.റ്റി) ൽ റബ്ബർനഴ്സറി പരിപാലനത്തിൽ പരിശീലനം നൽകുന്നു. മികച്ച നടീൽവസ്തുക്കളുടെ ഉൽപ്പാദനത്തിനുള്ള വിവിധ ബഡ്ഡിങ് രീതികൾ, നഴ്സറിപരിപാലനം എന്നിവയിലുള്ള പരിശീലനം ഒക്ടോബർ 28, 29 തീയതികളിൽ കോട്ടയത്ത് പുതുപ്പള്ളിയിലുള്ള എൻ.ഐ.ആർ.റ്റി -യിൽ വച്ച് നടത്തുന്നു. പരിശീലനമാധ്യമം മലയാളമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക്

6238092175, 0481– 2353127 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

2. ക്ഷീര വികസന വകുപ്പിന്റെ തിരുവനന്തപുരം, വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാം പരിശീലന കേന്ദ്രത്തിൽ വച്ച് ഒക്ടോബർ 29, 30 തീയതികളിൽ "തീറ്റപ്പുൽകൃഷി വികസനവും സൈലേജ് നിർമ്മാണവും" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് - 20/-രൂപ. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9400058641 / 9388834424 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

3. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർബാൻഡ്, കൈയ്യുറ, കയർ ഫോം, കാർപറ്റ് ബാക്കിങ്, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമാണവും ഗുണമേന്മാനിയന്ത്രണവും, റബ്ബർപാൽ സംഭരണം, ലാറ്റക്സ് കോമ്പൗണ്ടിങ്, ഉത്പന്നങ്ങളുടെ രൂപകൽപന, എന്നിവയിലുള്ള പരിശീലനം നവംബർ 02 മുതൽ 06 വരെയുള്ള തീയതികളിൽ കോട്ടയത്തെ പുതുപ്പള്ളിയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്

ഫോർ റബ്ബർ ടെയിനിങ്ങിൽ വെച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481-2353127, 9497487209, 04812353201 എന്നീ ഫോൺനമ്പറുകളിൽ ബന്ധപ്പെടുക.

4. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **കാട വളർത്തൽ എ**ന്ന വിഷയത്തിൽ **ഒക്ടോബർ 24 ന്** മൃഗസംരക്ഷണ പരിശീലന കേന്ദ്രം കണ്ണൂരിൽ വച്ച് പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0497 2763473 എന്ന നമ്പറിൽ ബന്ധപ്പെടുക.

5. വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കൈറ്റ് വെള്ളായണി-ൽ ഒക്ടോബർ 27ന് **'തെങ്ങ് കൃഷി നടീലും പരിപാലന രീതികളും'** എന്ന വിഷയത്തിലും, ഒക്ടോബർ 31 ന് **'മൈക്രോഗ്രീൻ കൃഷി'** എന്ന വിഷയത്തിലും നടത്തുന്ന ഏകദിന പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോ പരിശീലന പരിപാടിക്കും ₹500/- രൂപ വീതമാണ് രജിസ്ട്രേഷൻ ഫീസ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

6. കേരള കാർഷിക സർവകലാശാലയുടെയും സാമൂഹിക സുരക്ഷാ മിഷന്റെയും സംയുക്താഭിമുഖ്യത്തിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കായി, അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വെച്ച് നടത്തുന്ന 6 മാസത്തെ സൗജന്യ ഹോട്ടികൾച്ചറൽ തെറാപ്പി പരിശീലന കോഴ്സിലേയ്ക്കുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയ്യതി ഒക്ടോബർ 29. 18 വയസിനു മുകളിലുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അപേക്ഷിക്കാം. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പ്രതിദിന സ്റ്റൈപ്പന്റും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 7306195043, 7306465654 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.